REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 07-04-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **നിയമസഭാ തിരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണത്തിന് ഇനി അഞ്ച് മണിക്കൂറിൽ താഴെമാത്രം. കേരളത്തോടൊപ്പം പുതുച്ചേരിയിലും അസമിലും പരസ്യ പ്രചാരണം വൈകിട്ട് ആറിന് സമാപിക്കും.**
- **ശബരിമല ക്ഷേത്രത്തിലെ സ്ത്രീ പ്രവേശനം സംബന്ധിച്ച സുപ്രീം കോടതി വിധിക്കെതിരായ റിവ്യൂ ഹർജികളിൽ ഭരണഘടനാ ബഞ്ച് വാദം കേൾക്കൽ ആരംഭിച്ചു.**
- **ഇന്ന് ലോകാരോഗ്യ ദിനം.**
- **പുതിയ സാമ്പത്തിക വർഷത്തെ പണനയം റിസർവ് ബാങ്ക് നാളെ പ്രഖ്യാപിക്കും.**
- **സംസ്ഥാനങ്ങളിലെ കുടിയേറ്റ തൊഴിലാളികൾക്ക് വിതരണം ചെയ്യുന്ന അഞ്ച് കിലോഗ്രാം ഫ്രീ ട്രേഡ് LPG സിലിണ്ടറുകളുടെ പ്രതിദിന വിഹിതം ഇരട്ടിയാക്കാൻ കേന്ദ്രഗവൺമെന്റ് തീരുമാനിച്ചു.**

## വാർത്തകൾ വിശദമായി

നിയമസഭാ തിരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണത്തിന് ഇനി അഞ്ച് മണിക്കൂറിൽ താഴെമാത്രം. മൂന്നാഴ്ചയായി കേരളത്തിന്റെ പൊതു അന്തരീക്ഷത്തിൽ ഉയർന്ന വിവാദങ്ങൾക്ക് പരസ്യപ്രചാരണം അവസാനിക്കുന്നതോടെ താൽകാലിക വിരാമമാകും. വൈകിട്ട് ആറിന് ശേഷം അടുത്ത 36 മണിക്കൂർ നിശബ്ദ പ്രചാരണത്തിന്റെ വേളയാണ്. സ്ഥാനാർത്ഥികളും മുന്നണികളും ഗൃഹസന്ദർശനങ്ങൾ നടത്തി അവസാനവട്ടം ഓരോ വോട്ടറേയും കണ്ട് വോട്ടുറപ്പിക്കാൻ ഈ സമയം പ്രയോജനപ്പെടുത്തും.

വോട്ടിംഗ് മെഷിനുകൾ സൂക്ഷിച്ച കേന്ദ്രങ്ങളിൽ നിന്നും നാളെ രാവിലെ മുതൽ പോളിംഗ് ഉദ്യോഗസ്ഥർ സാധന സാമഗ്രികൾ ഏറ്റുവാങ്ങി ബൂത്തുകളിൽ എത്തിത്തുടങ്ങും. എല്ലാ പോളിംഗ് ഉദ്യോഗസ്ഥർക്കും വോട്ടെടുപ്പ് കേന്ദ്രങ്ങളിലെത്താൻ വാഹന സൗകര്യങ്ങൾ തിരഞ്ഞെടുപ്പ് കമ്മിഷൻ ഉറപ്പാക്കിയിട്ടുണ്ട്. വോട്ടിംഗ് കേന്ദ്രങ്ങളിൽ സമാധാനപരമായ വോട്ടെടുപ്പിന് എല്ലാ ക്രമീകരണങ്ങളും ഏർപ്പെടുത്താനും ആവശ്യമായ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കാനും പൊലീസ് മേധാവികൾക്ക് കമ്മീഷൻ പ്രത്യേക നിർദേശം നൽകിയിട്ടുണ്ട്.

✪✪✪

ഇന്ത്യാ സഖ്യത്തെ ദുർബലപ്പെടുത്തുന്ന സമീപനമാണ് രാഹുൽ ഗാന്ധിയുടെ ഭാഗത്തുനിന്നുണ്ടാകുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ കുറ്റപ്പെടുത്തി.

കേന്ദ്ര ഗവൺമെന്റിനെതിരെയും BJPക്കെതിരെയും കേരളത്തിലെത്തുമ്പോൾ രാഹുൽ ഗാന്ധി സംസാരിക്കാത്തതെന്താണെന്നും അദ്ദേഹം കണ്ണൂരിൽ മാധ്യമപ്രവർത്തകരോട് ചോദിച്ചു.

ശബരിമല സ്ത്രീ പ്രവേശം കോടതിയോ മറ്റോ തീരുമാനിക്കേണ്ട വിഷയമല്ലെന്നാണ് സംസ്ഥാന ഗവൺമെന്റിന്റെ എന്നത്തെയും നിലപാടെന്നും ഇതിൽ മാറ്റമൊന്നും ഉണ്ടായിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. സുതാര്യമായ ഇടപാടാണ് എന്നും CPIMന്റേത്. കോൺഗ്രസാണ് BJP-യുമായി രഹസ്യ ഇടപാടുണ്ടാക്കുന്നതെന്നും മുഖ്യമന്ത്രി പ്രതികരിച്ചു.

✪✪✪

വയനാട് പുനരധിവാസ പ്രവർത്തനങ്ങളിൽ ഗവൺമെന്റ് പരാജയപ്പെട്ടതായി മുസ്‌ലിം ലീഗ് നേതാവ് PK കുഞ്ഞാലിക്കുട്ടി കുറ്റപ്പെടുത്തി. മുസ്ലീം ലീഗിന്റെ വയനാട് ദുരിത സഹായ പ്രവർത്തനങ്ങൾ ഗവൺമെന്റ് പഠിക്കേണ്ടതാണ്. UDF-നെതിരെ ഡീൽ ആരോപണം ഉന്നയിക്കുന്നത് പരാജയ ഭീതികൊണ്ടാണെന്നും കുഞ്ഞാലിക്കുട്ടി മലപ്പുറത്ത് പറഞ്ഞു.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയന് പത്ത് ചോദ്യങ്ങളിൽ വ്യക്തത ആവശ്യപ്പെട്ട് AICC ജനറൽ സെക്രട്ടറി KC വേണുഗോപാലിന്റെ തുറന്ന കത്ത്. ഈ ചോദ്യങ്ങൾ കേരള ജനതയുടെ മനസ്സിൽ ശേഷിക്കുന്നവയാണെന്ന് വേണുഗോപാൽ അറിയിച്ചു.

കേളത്തിൽ മാതൃകാ കർഷകൻ പോലും ആത്മഹത്യ ചെയ്യുന്ന സാഹചര്യമാണെന്ന് AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ കുറ്റപ്പെടുത്തി. LDF

ഗവൺമെന്റ് പ്രോഗ്രസ് കാർഡിലൂടെ കള്ളം പ്രചരിപ്പിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. FCRA ബിൽ വീണ്ടും കൊണ്ടുവരാൻ കേന്ദ്രശ്രമം ഉണ്ടായാൽ ശക്തമായി എതിർക്കുമെന്നും വേണുഗോപാൽ അറിയിച്ചു.

✪✪✪

കേരളത്തിന്റെ വിജയഗാഥ K കരുണാകരന്റെയും ഉമ്മൻ ചാണ്ടിയുടെയും കാലത്തുണ്ടായ വികസന കഥയാണെന്ന് തെലങ്കാന മുഖ്യമന്ത്രി A രേവന്ദ് റെഡി. കേരളത്തിന്റെ വിഭവങ്ങളും ജനതയുടെ ആരോഗ്യവും പ്രകൃതിദത്തമാണെന്നും അതിന്റെ പേരിൽ ഇടതുമുന്നണി മുതലെടുപ്പിന് ശ്രമിക്കുകയാണെന്നും രേവന്ദ് റെഡി പറഞ്ഞു.

✪✪✪

മണലൂർ നിയോജകമണ്ഡലത്തിൽ പെരുമാറ്റ ചട്ടം ലംഘിച്ച് വോട്ടർമാരെ സ്വാധീനിക്കുന്നതിന് പലചരക്ക് സാധനങ്ങൾ കിറ്റുകളിലാക്കി സൂക്ഷിക്കുന്നുവെന്ന ആരോപണത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു. ഇലക്ഷൻ കമ്മീഷൻ ഫ്ലൈയിംഗ് സ്ക്വാഡ് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ പരാതിയിലാണ് വാടാനപ്പിള്ളി പോലീസ് FIR രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചത്.

തൃശ്ശൂർ നിയോജകമണ്ഡലത്തിൽ നിന്നും ലഭിച്ച സമാനമായ പരാതിയിലും തൃശൂർ വെസ്റ്റ് പോലീസ് സ്റ്റേഷനിൽ FIR രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുണ്ട്. പരിശോധന കർശനമാക്കുന്നതിന് മണലൂർ, തൃശൂർ നിയോജകമണ്ഡലങ്ങളിൽ അധികമായി ഫ്ലൈയിംഗ് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്.

✪✪✪

തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി പ്രിയങ്ക ഗാന്ധി എംപി ഇന്ന് വയനാട്ടിൽ എത്തും. ജില്ലയിലെ വിവിധ കേന്ദ്രങ്ങളിലെ കോർണർ യോഗത്തിൽ അവർ സംസാരിക്കും.

അല്പസമയത്തിനകം പടിഞ്ഞാറത്തറയിൽ പ്രിയങ്ക സംസാരിക്കും. തുടർന്ന് വെള്ളമുണ്ട എട്ടേ നാലിലും തുടർന്ന് സുൽത്താൻബത്തേരി ടൗണിലെ യോഗത്തിലും പ്രിയങ്ക പങ്കെടുക്കും.

✪✪✪

തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി കാഞ്ഞങ്ങാട് നെഹ്റു കോളേജിൽ എത്തിയ UDF സ്ഥാനാർത്ഥിയേയും, സംഘത്തെയും അക്രമിച്ചെന്ന കേസിൽ

25, SFI പ്രവർത്തകർക്കെതിരെ പൊലീസ് കേസെടുത്തു. ഇന്നലെയായിരുന്നു സ്ഥാനാർത്ഥി കോളേജിൽ വോട്ടഭ്യർത്ഥിക്കാൻ എത്തിയത്.

✪✪✪

വൈക്കത്ത് CPI ഓഫീസിൽ കർഷകനെ മരിച്ച നിലയിൽ കണ്ടെത്തി. ചെല്ലപ്പൻ പുളിക്കശ്ശേരി എന്ന മുൻ CPI പ്രവർത്തകനെയാണ് രാവിലെ മരിച്ച നിലയിൽ കണ്ടെത്തിയത്.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ട ലംഘനം കൂടുതൽ കാര്യക്ഷമമായി കണ്ടെത്തുന്നതിന് സജ്ജീകരിച്ച C-വിജിൽ ആപ്പിലൂടെ പാലക്കാട് ജില്ലയിൽ 25,729 പരാതികൾ പരിഹരിച്ചു. തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ട ലംഘനത്തിന്റെ പരിധിയിൽ വരുന്ന ഏതു പ്രവർത്തനങ്ങൾക്കെതിരേയും പൊതുജനങ്ങൾക്ക് C-വിജിൽ ആപ്പിലൂടെ പരാതി നൽകാം.

✪✪✪

വരുംതലമുറയുടെ ഭാവി നിർണയിക്കുന്ന സുപ്രധാന ഉത്തരവാദിത്വമാണ് തെരഞ്ഞെടുപ്പിലെ വോട്ട് രേഖപ്പെടുത്തലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

നാടിന്റെ ദിശ നിർണയിക്കുന്ന പ്രധാനപ്പെട്ട തെരഞ്ഞെടുപ്പാണ് മറ്റന്നാൾ നടക്കാൻ പോകുന്നതെന്നും മുഖ്യമന്ത്രി കണ്ണൂരിൽ പ്രസ് ക്ലബിന്റെ ജനവിധി 2026- ൽ പറഞ്ഞു.

✪✪✪

അമരാവതിയെ ആന്ധ്രാപ്രദേശിന്റെ ഏകവും സ്ഥിരവുമായ തലസ്ഥാനമായി പ്രഖ്യാപിക്കുന്ന 2026 ലെ ആന്ധ്രാപ്രദേശ് പുനഃസംഘടന ഭേദഗതി ബില്ലിന് രാഷ്ട്രപതി ദ്രൗപതി മുർമു അംഗീകാരം നൽകി. ഇതോടെ അമരാവതി ആന്ധ്രാപ്രദേശിന്റെ തലസ്ഥാനമായ നിയമം പ്രാബല്യത്തിൽ വന്നു.

✪✪✪

ശബരിമല ക്ഷേത്രത്തിലെ സ്ത്രീ പ്രവേശനം സംബന്ധിച്ച സുപ്രീം കോടതി വിധിക്കെതിരായ റിവ്യൂ ഹർജികളിൽ ഭരണഘടനാ ബഞ്ച് വാദം കേൾക്കാൻ ആരംഭിച്ചു. ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ഒമ്പത് അംഗ ഭരണഘടനാ ബഞ്ചാണ് വിഷയം പരിഗണിക്കുന്നത്.

പുനഃപരിശോധനയെ കേന്ദ്രഗവൺമെന്റ് സുപ്രീം കോടതിയിൽ അനുകൂലിച്ചു. ലിംഗനീതിക്കപ്പുറം മതവും വിശ്വാസവും പാരമ്പര്യവും ഉൾക്കൊള്ളുന്നതാണ് ക്ഷേത്രാചാരമെന്ന് ഗവൺമെന്റ് നിലപാട് അറിയിച്ചു.

✪✪✪

ഇന്ന് ലോകാരോഗ്യ ദിനം. 1948-ൽ ലോകാരോഗ്യ സംഘടന സ്ഥാപിതമായതിന്റെ വാർഷികത്തോടനുബന്ധിച്ചാണ് എല്ലാ വർഷവും ഏപ്രിൽ 7 ലോകാരോഗ്യ ദിനമായി ആചരിക്കുന്നത്.

"ആരോഗ്യത്തിനായി ഒരുമിച്ച്- ശാസ്ത്രത്തിനൊപ്പം നിൽക്കുക" എന്നതാണ് ഈ വർഷത്തെ പ്രമേയം.

ലോകാരോഗ്യദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ആരോഗ്യപ്രവർത്തകർക്ക് ആശംസകൾ നേർന്നു. ആരോഗ്യകരമായ സമൂഹം കെട്ടിപ്പടുക്കുന്നതിന് അക്ഷീണം പ്രവർത്തിക്കുകയും സ്വയം സമർപ്പിക്കുകയും ചെയ്യുന്ന ആരോഗ്യപ്രവർത്തകരെ അദ്ദേഹം അഭിനന്ദിച്ചു.

ആരോഗ്യ സംരക്ഷ സംവിധാനങ്ങൾ ശക്തിപ്പെടുത്താനും ഓരോ വ്യക്തിയുടെയും ക്ഷേമത്തിന് മുൻഗണന നൽകാനും എല്ലാവരും ഒത്തൊരുമിച്ച് പ്രവർത്തിക്കണമെന്ന് പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.

✪✪✪

കേന്ദ്രമന്ത്രി JP നദ്ദ എല്ലാ ഡോക്ടർമാർക്കും, നഴ്സുമാർക്കും, ആരോഗ്യ പ്രവർത്തകർക്കും നന്ദി അറിയിച്ചു. അവരുടെ സമർപ്പണം രാജ്യത്തിന്റെ ആരോഗ്യ സംവിധാനത്തെ ശക്തമായി നിലനിർത്തുന്നുവെന്ന് അദ്ദേഹം പറഞ്ഞു. പൗരന്മാർക്ക് അവരുടെ ആരോഗ്യം പരിപാലിക്കാനും സന്തുലിതമായ ജീവിതശൈലി പിന്തുടരാനും ദിനം ഓർമ്മിപ്പിക്കുന്നുവെന്ന് നദ്ദ സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

പുതിയ സാമ്പത്തിക വർഷത്തെ പണനയം റിസർവ് ബാങ്ക് നാളെ പ്രഖ്യാപിക്കും. പണനയ അവലോകന സമിതിയോഗം ഇന്നലെയാണ് മുംബൈയിൽ തുടങ്ങിയത്. RBI ഗവർണർ സഞ്ജയ് മൽഹോത്ര അടുത്ത രണ്ട് മാസത്തെ പലിശ നിരക്കുകൾ പ്രഖ്യാപിക്കും. പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ റിപോ നിരക്കിൽ മാറ്റമുണ്ടാകാൻ സാധ്യതയില്ലെന്നാണ് സാമ്പത്തിക വിദഗ്ധരുടെ നിഗമനം.

✪✪✪

സംസ്ഥാനങ്ങളിലെ കുടിയേറ്റ തൊഴിലാളികൾക്ക് വിതരണം ചെയ്യുന്ന അഞ്ച് കിലോഗ്രാം ഫ്രീ ട്രേഡ് LPG സിലിണ്ടറുകളുടെ പ്രതിദിന വിഹിതം ഇരട്ടിയാക്കാൻ കേന്ദ്രഗവൺമെന്റ് തീരുമാനിച്ചു. കേന്ദ്ര പെട്രോളിയം പ്രകൃതിവാതക മന്ത്രാലയം സെക്രട്ടറി ഡോ. നീരജ് മിത്തൽ സംസ്ഥനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ചീഫ് സെക്രട്ടറിമാർക്ക് ഇതുസംബന്ധിച്ച് കത്തുനൽകി. സംസ്ഥാനങ്ങളിലെ ഭക്ഷ്യ - സിവിൽ സ്പ്ലൈസ് വകുപ്പുകൾ മുഖേന സിലിണ്ടറുകൾ വിതരണം ചെയ്യുമെന്നും അദ്ദേഹം അറിയിച്ചു.

✪✪✪

LPG വിതരണത്തിൽ സംസ്ഥാനത്ത് വിവിധ തലങ്ങളിൽ പരിശോധനകൾ ഊർജ്ജിതമായി നടത്തിവരികയാണെന്ന് സിവിൽ സപ്ലൈസ് കമ്മീഷണർ അറിയിച്ചു. മദ്ധ്യ പൂർവേഷ്യയിലെ യുദ്ധ പശ്ചാത്തലത്തിൽ LPG വിതരണവുമായി ബന്ധപ്പെട്ട് രാജ്യവ്യാപകമായി നിലനിൽക്കുന്ന നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിലാണ് പരിശോധന. 251, LPG സിലിണ്ടറുകൾ പിടിച്ചെടുത്തു. സ്പെഷ്യൽ സ്ക്വാഡിന്റെ പരിശോധനയിൽ 71 LPG സിലിണ്ടറുകളും പിടിച്ചെടുത്തതായി സിവിൽ സപ്ലൈസ് കമ്മീഷണർ അറിയിച്ചു.

✪✪✪

വയനാട് DCC ട്രഷറർ NM വിജയന്റെ കുടുംബം സുൽത്താൻ ബത്തേരി സ്വതന്ത്രമൈതാനിയിൽ ഉപവാസം ആരംഭിച്ചു. NM വിജയന്റെ മകൻ വിജേഷും മരുമകൾ പത്മജയും ഇവരുടെ മൂന്ന് മക്കളുമാണ് ഉപവാസമിരിക്കുന്നത്.

NM വിജയന്റെയും മകൻ ജിജേഷിന്റെയും മരണത്തിൽ ആരോപണ വിധേയനെ തെരഞ്ഞെടുപ്പിൽ മത്സരിപ്പിക്കുന്നതിലും സ്ഥാനാർത്ഥിയുടെ പ്രചരണത്തിന് പ്രിയങ്കഗാന്ധി എത്തുന്നതിലും പ്രതിഷേധിച്ചാണ് ഉപവാസം.

✪✪✪

ആകാശവാണി കോഴിക്കോട് നിലയത്തിൽ ബോംബ് ഭീഷണിയെ തുടർന്ന് പൊലീസും ബോംബ് സ്ക്വാഡും പരിശോധന നടത്തി. ഭീഷണി വ്യാജമാണെന്ന് തെരച്ചിലിൽ ബോധ്യപ്പെട്ടു.

✪✪✪

കോഴിക്കോട് ആനക്കാംപൊയിൽ പുല്ലൂരാംപാറ റോഡിൽ ഓട്ടോറിക്ഷ അപകടത്തിൽ രണ്ടുപേർ മരിച്ചു. പുത്തൻപുരയിൽ ഷിജു, ഭാര്യ ബിൻസി എന്നിവരാണ് മരിച്ചത്.

✪✪✪

നാസയുടെ ആർട്ടെമിസ് II ദൗത്യം, ഭൂമിയിൽ നിന്ന് മനുഷ്യൻ ഇതുവരെ സഞ്ചരിച്ചതിൽ ഏറ്റവും കൂടിയ ദൂര റെക്കോർഡ് സ്ഥാപിച്ചു. ഓറിയോൺ ബഹിരാകാശ പേടകം, ഭൂമിയിൽ നിന്ന് ഏകദേശം രണ്ട് ലക്ഷത്തി 52,752 മൈൽ സഞ്ചരിച്ചു.

1970-ൽ അപ്പോളോ 13-ന്റെ രണ്ട് ലക്ഷത്തി 48,655 മൈൽ എന്ന റെക്കോർഡാണ് ദൗത്യം മറികടന്നത്.

✪✪✪

ഇന്ന് പുലർച്ചെ കിഴക്കൻ മേഖലയിലേക്ക് ഇറാൻ വിക്ഷേപിച്ച ഏഴ് ബാലിസ്റ്റിക് മിസൈലുകൾ നശിപ്പിച്ചതായി സൗദി അറേബ്യ അറിയിച്ചു. നാശനഷ്ടങ്ങൾ വിലയിരുത്തുകയാണെന്ന് സൗദി പ്രതിരോധ മന്ത്രാലയം അറിയിച്ചു.

✪✪✪

തമിഴ്നാട്ടിലെ വോട്ടെടുപ്പിനും പശ്ചിമബംഗാളിലെ ആദ്യഘട്ട വോട്ടെടുപ്പിനും നാമനിർദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന് നടക്കും. വ്യാഴാഴ്ച വരെ പത്രികകൾ പിൻവലിക്കാം. തമിഴ്നാട്ടിൽ 234 അംഗ നിയമസഭയിലേക്ക് ഈ മാസം 23നാണ് വോട്ടെടുപ്പ്. പശ്ചിമബംഗാളിൽ ആദ്യ ഘട്ടത്തിൽ 152 മണ്ഡലങ്ങളിലെ തെരഞ്ഞെടുപ്പും 23 നാണ്.

✪✪✪

*News Editor :& News Reader: വി കെ സുരേഷ്*
*News Team: അനിൽ ചന്ദ്രൻ, ഫർദിസ് എവി , നിമിഷ ജി*
*DEO : സി കെ സുബോധ്*